DESPATCHED
On 03/3/22.

25.02.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1854(4)/21/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.14665/എസ്.ഐ.സി-ജി2/2021 )**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി: 25.02.2022**

ശ്രീ.വി.പ്രസേനൻ,
കൃഷ്ണാർപ്പണം,
കടയ്ക്കാവൂർ,
തിരുവനന്തപുരം.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
ജോയിന്റ് ഫണ്ട് മാനേജർ,
കിഫ്ബി, രണ്ടാംനില, ഫെലിസിറ്റി സ്ക്വയർ,
എം.ഡി.റോഡ്, സ്റ്റാറ്റ്യൂ, തിരുവനന്തപുരം-695 001.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കിഫ്ബി, രണ്ടാംനില, ഫെലിസിറ്റി സ്ക്വയർ,
എം.ഡി.റോഡ്, സ്റ്റാറ്റ്യൂ, തിരുവനന്തപുരം-695 001.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 15.09.2021 ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്കും 06.11.2021 ൽ നൽകിയ ഒന്നാം അപ്പീലിനും മറുപടി ലഭിച്ചില്ലായെന്ന് ആരോപിച്ചാണ് ടിയാൻ 10.11.2021 ൽ കമ്മീഷന് അപ്പീൽ ഹർജി നൽകിയത്. ഒന്നാം എതിർകക്ഷിയുടെ ഓഫീസായ കിഫ്ബിയിൽ നിന്നുള്ള ചില വിവരങ്ങളാണ് അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നത്.

2) ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 24.02.2022 ൽ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3) വിവിധ കേന്ദ്രങ്ങളിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചും ക്രോഡീകരിച്ചും നൽകേണ്ട വിവരങ്ങളായിരുന്നു അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ, ആയത് നൽകിയില്ലായെന്ന ആരോപണം പൂർണ്ണമായും ശരിയല്ലെന്നും, നൽകുന്നതിൽ കാലതാമസം ഉണ്ടായത് ശരിയാണെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു. മറുപടി നൽകുന്നതിൽ മന:പൂർവ്വമല്ലാതെ ഉണ്ടായ കാലതാമസം മാപ്പാക്കണമെന്ന് ടിയാൾ അപേക്ഷിച്ചു. അപേക്ഷകൻ ചോദിച്ചതിൽ ലാന്റ് അക്വസിഷേനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ധാരാളമുണ്ടെന്നും, അത് ശേഖരിച്ചെടുക്കുന്നതിൽ പ്രായോഗികമായ ബുദ്ധിമുട്ടുണ്ടെന്നും, അതുകൊണ്ട് ഈ ഒരു വിവരം ഒഴികെയുള്ളവയെല്ലാം അപ്പീൽ ഹർജിക്കാരന് നൽകി കഴിഞ്ഞുവെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4) ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധരേഖകളും കമ്മീഷൻ പരിശോധിച്ചു. ടിയാൾ അപ്പീൽ ഹർജിക്കാരന് നൽകിയ മറുപടി പകർപ്പും കമ്മീഷന് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ നിന്നെല്ലാം ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ വസ്തുതാപരവും ആത്മാർത്ഥവുമാണെന്ന് കമ്മീഷൻ കരുതുന്നു.

5) ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 25.02.2022 ന് ഉത്തരവാകുന്നു.

**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION

Va